# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 126

21/01/2014-ൽ മറുപടിയ്ക്ക്

## ഹോർട്ടികോർപ്പ് മുഖേനയുള്ള പച്ചക്കറി സംഭരണവും വിപണനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ.വി. വിജയദാസ് | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) പച്ചക്കറി വിപണിയിൽ ഹോർട്ടികോർപ്പിന്റെ പങ്കെന്താണ്; | എ) പൊതു വിപണിയിലെ വിലയേക്കാൾ വില കുറച്ച് പഴം, പച്ചക്കറികൾ വിപണനം നടത്തുകയും വിപണിയിൽ പച്ചക്കറികളുടെ വിലക്കയറ്റം പിടിച്ച് നിർത്തുകയുമാണ് പച്ചക്കറി വിപണിയിൽ ഹോർട്ടികോർപ്പിന്റെ പങ്ക്. ഹോർട്ടികോർപ്പിന്റെ സ്വന്തം ഹരിതാസ്റ്റാളുകളിലൂടെയും 20 മൊബൈൽ ഹരിതാ യൂണിറ്റുകളിലൂടെയും കൂടാതെ സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ വഴിയും ഫ്രാഞ്ചൈസി സ്റ്റാളുകളിലൂടെയും ഹോർട്ടികോർപ്പ് പച്ചക്കറി വിപണനം നടത്തി വരുന്നു. |
| ബി) ഹോർട്ടികോർപ്പ് , വിപണനത്തിനുള്ള പച്ചക്കറി സംഭരിക്കുന്നത് എങ്ങനെയാണ്; | ബി) കേരളത്തിലെ കർഷകർ, കർഷകസംഘങ്ങൾ, വി.എഫ്.പി.സി.കെ., സംഘമൈത്രി എന്നിവിടങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് കർഷകർക്ക് ന്യായവില നൽകി സംഭരിക്കുകയും മിതമായ വിലക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ അയൽ സംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും മൊത്തവ്യാപാര വിപണികളിൽ നിന്നും ഹോർട്ടികോർപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് സംഭരിച്ച് വിപണനം നടത്തി വരുന്നു. |
| സി) കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിൽ നിന്നും ഹോർട്ടികോർപ്പ് ഒഴിവാകാറുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | സി) കേരളത്തിലെ കർഷകരിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് പച്ചക്കറികൾ സംഭരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ഡി) | പച്ചക്കറി വിപണിയെ ഇടനിലക്കാരുടെ സ്വാധീനത്തിൽ നിന്നും മുക്തമാക്കാൻ ഹോർട്ടികോർപ്പ് നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയാണെന്നറിയിക്കാമോ? | ഡി) | കേരളത്തിലെ കർഷകരിൽ നിന്നും കർഷകർക്ക് ന്യായവില നൽകി പച്ചക്കറികൾ ഹോർട്ടികോർപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് സംഭരിക്കുകയും കേരളത്തിൽ ലഭ്യമല്ലാത്തവ തമിഴ്നാട്ടിലെ കർഷകരിൽ നിന്നും മൊത്തവ്യാപാര വിപണികളിൽ നിന്നും ഹോർട്ടികോർപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് സംഭരിച്ച് വരുന്നു. കൂടാതെ ഹോർട്ടികോർപ്പിന്റെ 10 ജില്ലാ സംഭരണ കേന്ദ്രങ്ങൾ മുഖേനയും 5 ഉപസംഭരണ കേന്ദ്രങ്ങൾ വഴിയും കർഷകരിൽ നിന്നും നേരിട്ടും കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ നിന്നും വൻതോതിൽ പഴം പച്ചക്കറികൾ സംഭരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ